## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1404      15.6.2012-ൽ മറുപടിയ്ക്ക്

**നഗരങ്ങളിലെ പച്ചക്കറി കൃഷി**

| *ചോദ്യം* | *മറുപടി* |
| --- | --- |
| ശ്രീ. എ.എ. അസീസ് | **ശ്രീ . കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) നഗരപ്രദേശങ്ങളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് കൃഷിവകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് ; | (എ) നഗര പ്രദേശങ്ങളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് കൃഷി വകുപ്പ് താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു,<br>1. നഗര പ്രദേശങ്ങളിൽ മട്ടുപ്പാവിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക.<br>2.തെരെഞ്ഞെടുത്ത സ്കൂളുകളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുക.<br>3.വിട്ടുവളപ്പിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുക.<br>4.വിവിധ ആനുകാലിക പ്രസിദ്ധി കരണങ്ങളിൽ കൂടി പച്ചക്കറി കിറ്റ് വിതരണം.<br>5.പ്രോജക്ട് അടിസ്ഥാനത്തിൽ പബ്ളിക്/പ്രൈവറ്റ് സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനുള്ള ധനസഹായം<br>നഗരപ്രദേശങ്ങളിൽ പച്ചക്കറികൃഷി |

| | | | |
|---|---|---|---|
| | | | വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ ഹരിത നഗരി പദ്ധതി നടപ്പിലാക്കി വരുന്നു. രാസവളങ്ങളുടേയും കീടനാശിനി കളുടേയും ഉപയോഗം കുറച്ചു കൊണ്ട് പച്ചക്കറി ഉല്പാദനത്തിൽ ഓരോ വീടും സ്വയംപര്യാപ്തമാകണമെന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിരിക്കുന്ന പ്രസ്തുത പദ്ധതി വീടുകളിലെ ജൈവമാലിന്യങ്ങൾ ഉപയോഗിച്ച് ജൈവവളങ്ങൾ വീടുകളിൽത്തന്നെ ഉണ്ടാക്കുന്നതിനുള്ള പ്രോത്സാഹനവും നല്കിവരുന്നു.<br>തിരുവനന്തപുരം ജില്ലയിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ നഗര പ്രദേശങ്ങളിൽ പച്ചക്കറികൃഷി വർദ്ധിപ്പിക്കുന്നതിനായി 30000 വീടുകളിൽ മട്ടുപ്പാവിലെ പച്ചക്കറി ത്തോട്ടം, നഗര പ്രാന്തത്തിലെ 2500 വീടുകളിൽ അടുക്കളത്തോട്ടം,30 സ്കൂളുകളിൽ പച്ചക്കറിത്തോട്ടം എന്നിവ നടപ്പിലാക്കി. |
| (ബി) | നഗര പ്രദേശങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നവർക്ക് പ്രോത്സാഹനം നൽകുന്നതിനായി എന്തൊക്കെ സബ്സിഡികളാണ് നൽകി വരുന്നത് ; | (ബി) | 1.ടെറസ്സിലെ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് ഒരു കുടുംബത്തിന് (2000/രൂപ വിലമതിക്കുന്ന 25 ഗ്രോബാഗുകൾ 4-8 ഇനം പച്ചക്കറി തൈകളോടുകൂടി നൽകുവാൻ ഉദ്ദേശിക്കുന്നു.<br>2.തെരഞ്ഞെടുത്ത സ്കൂളുകളിൽ |

പച്ചക്കറി കൃഷിക്ക് 10 സെന്റി മീറ്ററിൽ കൃഷി ചെയ്യുന്നതിന് 2500/- രൂപ ധനസഹായവും , 1000/- രൂപ പരിശീലനത്തിനും നൽകാൻ ഉദ്ദേശിക്കുന്നുണ്ട്.

3.ആനുകാലിക പ്രസിദ്ധീകരണ ങ്ങളിലൂടെ 15/- രൂപയുടെ പച്ചക്കറി വിത്ത് പാക്കറ്റുകൾ നൽകാൻ ഉദ്ദേശി ക്കുന്നുണ്ട്.

4.സ്ഥല സൗകര്യമുള്ള പബ്ളിക്/ പ്രൈവറ്റ് സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് പ്രോജക്ട് അടി സ്ഥാനത്തിൽ ധനസഹായം നല്കുന്നതാണ്.

നഗര പ്രദേശങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നവർക്ക് പ്രോത്സാഹനം നൽകുന്നതിനായി എസ്.എച്ച്.എം. മുഖേന 30000 വീടുകളിൽ മട്ടുപ്പാവിലെ പച്ചക്കറിത്തോട്ടം, വീടൊന്നിന് 2000 രൂപ നിരക്കിലും, 2500 വീടുകളിൽ അടുക്കളത്തോട്ടം വീടൊന്നിന് 975 രൂപ നിരക്കിലും ആനുകൂല്യം നൽകി വരുന്നു.100% സബ്സിഡി നിരക്കിൽ 30 സ്കൂളുകളിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നതിനായി 5000 രൂപ ധനസഹായം നൽകുന്നുണ്ട്.

| | | | |
|---|---|---|---|
| (സി) | പ്രോത്സാഹനാർത്ഥം സബ്സിഡി തുകകൾ വർധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | തൽക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ